"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- DAY NRLM -ന്റെ ഉപ പദ്ധതിയായി നടപ്പിലാക്കുന്ന ഇൻക്യുബേറ്റർ പദ്ധതിയുടെ ഭാഗമായി 'ഇൻക്യുബേറ്റർ നാഷണൽ കോൺഫറൻസ്' തിരുവനന്തപുരം ഹൈസിന്തിൽ വച്ച് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2186/2025/LSGD തീയതി,തിരുവനന്തപുരം, 08-09-2025

---

പരാമർശം:- 1. സ.ഉ (പി)നം. 91/2023/Fin തീയതി 19/08/2023
2.കുടുംബശ്രീ ഡയറക്ടറുടെ 18.08.2025 ലെ KSHO/1458/2024-SVEP-PART1 നമ്പർ കത്ത്.

**ഉത്തരവ്**

സ്ത്രീകളുടെ നേതൃത്വത്തിലുള്ള വളർച്ചാ കേന്ദ്രീകൃതമായ സംരംഭങ്ങളെ (Enterprises that have potential for growth) വിപുലപ്പെടുത്തുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക, അനുകരണീയതയ്ക്കുള്ള മാതൃകകൾ സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ DAY NRLM -ന്റെ ഉപ പദ്ധതിയായി നടപ്പിലാക്കുന്ന ഇൻക്യുബേറ്റർ പദ്ധതി IIM-കോഴിക്കോടുമായി ചേർന്ന് "സ്മാർട്ട് ശ്രീ" എന്ന പേരിൽ ആണ് സംസ്ഥാനത്തു നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 2025 സെപ്റ്റംബർ 10, 11 തീയതികളിലായി 'ഇൻക്യുബേറ്റർ നാഷണൽ കോൺഫറൻസ്' സംഘടിപ്പിക്കുന്നതിനും 2025 സെപ്റ്റംബർ 12-ന് ഫീൽഡ് വിസിറ്റ് സംഘടിപ്പിക്കുന്നതിനും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട് എന്നും ഇൻക്യുബേറ്റർ പദ്ധതി ആരംഭിക്കാനിരിക്കുന്ന ഇരുപതോളം സംസ്ഥാനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ, NMMU ടീം, നേരത്തെ പദ്ധതി നടപ്പിലാക്കിയ കർണാടക, ബംഗാൾ എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ, പത്തോളം പാനലിസ്റ്റുകൾ, IIM- ബാംഗ്ലൂർ, IIM-കൊൽക്കത്ത, IIM-കോഴിക്കോട് നിന്നുള്ള ടീം, കുടുംബശ്രീ സംസ്ഥാന ജില്ലാ കാർഷികേതര ഉപജീവന ടീം എന്നിവരടക്കം 100 പേർ പ്രോഗ്രാമിൽ പങ്കെടുക്കുന്നുണ്ട് എന്നും കുടുംബശ്രീ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി. കൂടാതെ ബഹു. തദ്ദേശ സ്വയം വകുപ്പ് മന്ത്രി ഉദ്ഘാടനം നിർവഹിക്കുന്ന പ്രസ്തുത പ്രോഗ്രാം തിരുവനന്തപുരം ജില്ലയിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും ഇതൊരു നാഷണൽ കോൺഫറൻസ് ആയതിനാലും, സർക്കാർ ഉടമസ്ഥതയിലുള്ള ഹോട്ടലുകളിൽ അന്നേ ദിവസം ഹാൾ ലഭ്യമല്ലാത്തതിനാലും സ്വകാര്യ ഹോട്ടലുകളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കിയപ്പോൾ ഹൈസിന്തിനാണ് തുക

കുറവായിട്ടുള്ളത് എന്നും ഈ സാഹചര്യത്തിൽ **GO(P)No. 91/2023/Fin** തീയതി **19/08/2023** ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകികൊണ്ട് **2025** സെപ്റ്റംബർ **10, 11, 12-** തീയതികളിൽ 'ഇൻകുബേറ്റർ നാഷണൽ കോൺഫറൻസ്' തിരുവനന്തപുരം ഹൈസിന്തിൽ വച്ച് സംഘടിപ്പിക്കുന്നതിന് അനുമതി നൽകണമെന്നും കുടുംബശ്രീ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

**2.**സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം **(1)** ഉത്തരവിലെ വ്യവസ്ഥയിൽ ഇളവ് നൽകികൊണ്ട് **2025** സെപ്റ്റംബർ **10, 11, 12-** തീയതികളിൽ 'ഇൻകുബേറ്റർ നാഷണൽ കോൺഫറൻസ്' തിരുവനന്തപുരം ഹൈസിന്തിൽ വച്ച് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

എക്സിക്യൂട്ടിവ്ഡയറക്ടർ,കുടുംബശ്രീ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് ആൻഡ് ന്യൂ മീഡിയ, ഐ ആൻഡ് പി.ആർ.ഡി.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
**Signed by Sheeba. S. C**
**Date: 09-09-2025 11:32:47**
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യ മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി